# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3072 — 10/05/2017-ൽ മറുപടിക്ക്

## പകർച്ച വ്യാധികൾ തടയുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.വി. കെ. സി. മമ്മത് കോയ**

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പകർച്ച വ്യാധികൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

ബി) സംസ്ഥാനത്തു ഏതെങ്കിലും പ്രദേശത്ത് പകർച്ച വ്യാധികൾ പൊട്ടിപുറപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചു?

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) യും ബി) യും സംസ്ഥാനത്ത് പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതിരോധത്തിനും നിയന്ത്രണത്തിനും ജില്ലകളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. മഴക്കാലം വരുന്നതിനും മുൻപേ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും, ശുചിത്വ മിഷനേയും, ഇതര വകുപ്പുകളെയും ഒത്തൊരുമിപ്പിച്ച് മഴക്കാല പൂർവ്വ ശുചീകരണവും രോഗപ്രതിരോധ നിയന്ത്രണ ബോധവൽക്കരണ ക്യാമ്പയിനുകളും നടപ്പിലാക്കി വരുന്നു. രോഗനിരീക്ഷണം, കൊതുക നിരീക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതു വഴി പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേ തന്നെ കണ്ടുപിടിക്കാനും നിയന്ത്രിക്കാനും സാധിക്കുന്നുണ്ട്. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും മരുന്നിന്റെയും രോഗ നിയന്ത്രണത്തിനുള്ള സാധന സാമഗ്രികളുടെയും ലഭ്യതയും ഉറപ്പ് വരുത്തിയിട്ടുണ്ട്.

രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് ആവശ്യമായ ഗൃഹസന്ദർശനം, മെഡിക്കൽ ക്യാമ്പ്, മൊബൈൽ ക്ലിനിക്ക് എന്നിവ നടത്തി രോഗം എത്രയും പെട്ടെന്ന് കണ്ടെത്തി

➡

വേണ്ട ചികിത്സ നൽകുകയും രോഗപ്പകർച്ച തടയുന്നതിനുള്ള കൊതുകു-നശീകരണ പ്രവർത്തനങ്ങളും ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്) വീടിന് പുറത്ത് അന്തരീക്ഷത്തിൽ കീടനാശിനി തളിക്കുക (ഫോഗിംഗ്) ജലശുദ്ധി ഉറപ്പുവരുത്തുവാനായി ക്ലോറിനേഷൻ ഉൾപ്പെടെയുള്ള മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങൾ വയറിളക്ക രോഗ-ത്തിന്റെ പാനീയ ചികിത്സയ്ക്ക് ആവശ്യമായ ഒ.ആർ.എസ്. ന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. എലിപ്പനി പ്രതിരോധിക്കാനായി ഓടകൾ, കുളങ്ങൾ വൃത്തിയാക്കുന്നവർക്കും കൃഷിപ്പണി ചെയ്യുന്നവർക്കും ഡോക്സിസൈക്ലിൻ പ്രതിരോധ ഗുളികകളും നൽകുന്നുണ്ട്. ഇതിനാവശ്യമായ ഫണ്ടും ജില്ലാതലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**